'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ബജറ്റ് വിഹിതം 2025-26 - വികസന ഫണ്ട് - (പൊതു വിഭാഗം) - പറക്കോട് ബ്ലോക്ക് പഞ്ചായത്ത് - 2023-24 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും അക്കൗണ്ട് തെറ്റായതിനാൽ ട്രാൻസ്ഫർ ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ തുക പുനരനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി.സെൽ-എ) വകുപ്പ്**

സ.ഉ.(സാധാ)നം.4937/2025/ധന തീയതി, തിരുവനന്തപുരം, 03-06-2025

---

പരാമർശം : 1. 19/05/2025 തീയതിയിലെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/377/2025-DPLC1 നം. കത്ത്

2. 09/05/2025 തീയതിയിലെ അട്ടർ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രം.

3. സ.ഉ.(പി) നം. 86/2016/ധന തീയതി: 17.06.2016.

**ഉത്തരവ്**

2023-24 -ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പറക്കോട് ബ്ലോക്ക് പഞ്ചായത്ത് മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ട് നമ്പർ 119/24 "ഓക്സിജൻ കോൺസൻട്രേറ്റർ വാങ്ങൽ" എന്ന പദ്ധതിയ്ക്കായി ബി.സി.എസ് ഫാർമ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തിന് നൽകുന്നതിനായി വികസന ഫണ്ടിൽ (പൊതു വിഭാഗം) നിന്നും അനുവദിച്ചതും അക്കൗണ്ട് നമ്പറിലെ പിശക് കാരണം ക്രെഡിറ്റാകാതെ സർക്കാരിലേക്ക് തിരികെ പോയതുമായ ₹1,00,800/- പുനരനുവദിക്കാനായി പരാമർശം (1) പ്രകാരം സർക്കാരിന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സൂചന (2) ലെ അട്ടർ സബ്ട്രഷറി ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും സൂചന (3) ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് മെഡിക്കൽ ഓഫീസർ നിർവഹണം

നടത്തിയ പ്രോജക്ട് നമ്പർ 119/24 "ഓക്സിജൻ കോൺസൻട്രേറ്റർ വാങ്ങൽ " എന്ന പദ്ധതിയ്ക്കായി ബി.സി.എസ് ഫാർമ പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം എന്ന സ്ഥാപനത്തിന് നൽകുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിലെ വികസന ഫണ്ടിന്റെ 3604-00-200-81-04-35-00-NV (പൊതു വിഭാഗം) ശീർഷകത്തിൽ നിന്നും (B030800) പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് ₹1,00,800/- (ഒരു ലക്ഷത്തി എണ്ണൂറു രൂപ മാത്രം) പുനരനുവദിച്ച് ഉത്തരവാകുന്നു.

3. മേൽ തുക പിൻവലിച്ച് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് ഒരു മാസത്തിനുള്ളിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പറക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുരേഷ് കുമാർ ഒ.ബി.**
**ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, പറക്കോട് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ (ബി.ഡബ്ല്യൂ-ജെ / ഡെവലപ്.വിംഗ്/ എസ്.എസ് ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ- 3163368)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ